ശ്രീ. കെ. ആർ. ഇലങ്കത്ത്: അനുവാദം വേണമെന്നു മാത്രമേ അപേക്ഷിച്ചിട്ടുള്ളോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതേയുള്ളൂ.

ശ്രീ ആർ. ശങ്കർ: ഗവമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ കടലാസുണ്ടാക്കുന്നതിനെപ്പറ്റി വല്ല ആലോചനയും ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ ആലോചനയില്ല.

ശ്രീ. ദേവകീഗോപിദാസ്: ഇപ്പോൾ സംസ്ഥാനത്ത് ഹാൻഡ്മെയിഡ് പേപ്പർ നിർമ്മിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതരം പേപ്പർ ഉണ്ടാക്കുന്ന കോട്ടേജ് ഇൻഡസ്ട്രീസ് സംസ്ഥാനത്തുണ്ട്.

ശ്രീ. ദേവകീഗോപിദാസ്: അവയ്ക്കു വല്ല പ്രോത്സാഹനവും നൽകുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

പേപ്പർമിൽ

*൪൯൨. (൨൨) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ഗവമ്മെണ്ടിൽനിന്നു ഒരു പേപ്പർമിൽ തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ?

(ബി) ഇപ്പോൾ ഈ രാജ്യത്തുള്ള പേപ്പർ മില്ലിനും ഗവമ്മെണ്ട് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ?

വ്യവസായവും, എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഇല്ല.

(ബി) ഗവമ്മെണ്ടിനും, പുനലൂർ പേപ്പർമില്ലിൽ ൨, ൦ ൫, ൦ ൦ ൦ രൂപയുടെ ഷെയറുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതുകൂടാതെ വല്ല ധനസഹായവും ചെയ്യേണ്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. ആർ. ശങ്കർ: ഷെയർ എടുത്തിരിക്കുന്നതനുസരിച്ചു വല്ല ഡിവിഡണ്ടും ഗവമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്.

BHOOTHATHAN KETTU SCHEME

*464. [37] **Sri. N. V. Chacko:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether the Government have arrived at a definite decision about the Bhoothathan Kettu Scheme of Flow Irrigation in the Parur, Muvattupuzha and Kunnathnad taluks;

(*b*) what would be the approximate cost for bringing into effect the purely Flow Irrigation part of the whole scheme; and

(*c*) by what time the Government would be able to start work to make the scheme a reality?

Minister for Public Works, Communications and Agriculture **[Sri. E. John Philipose]:** (*a*) An investigation has been conducted and the report has been received by the Chief Engineer.

LIBRARY ARCHIVES Kerala Legislative Assembly

(*b*) The approximate cost is Rs. 288·22 lakhs.

(*c*) It cannot be definitely stated at present.

ശ്രീ. എൻ. വി. ചാക്കോ : ഈ പ്രോ ഇറിഗേഷൻ കൂടാതെ മറവല്ല പ്രോജക്ടിയും ഗവണ്മെണ്ടിന്റെ ശ്രദ്ധയിലുണ്ടോ ?

Sri. E. John Philipose : Everything to make that project a success.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഇൻവെസ്റ്റിഗേഷൻ ആഫീസന്റെ റിപ്പോർട്ട് അനുസരിച്ച് എത്രത്തോളം കൂടുതൽ കൃഷിചെയ്യാൻ സൗകര്യമുണ്ടെന്നു പറയാമോ ?

Sri. E. John Philipose : By the conversion of single crop lands into double crop lands the annual yield has shown an increase of about 32,306 paras. The conversion of dry lands into wet lands has resulted in an increase of 4232 acres.

Sri. A. Thanu Pillai : May I know what is the cost of the investigations?

Sri. E. John Philipose : I think it is something like Rs. 75,000.

WEAVING SCHOOLS

*465. [38] **Sri. R. K. Ram :** Will the Hon'ble Minister for Industries be pleased to state.—

(*a*) how many aided and unaided schools are there in the State ;

(*b*) in how many schools grant-in-aid has been suspended ;

(*c*) the reasons for the suspension ; and

(*d*) the total expenditure for the year on account of grant-in-aid ?

Minister for Industries, Excise and Local Self Government

[Sri. N. Kunjuraman]: (*a*) *Travancore.*

Unaided schools	24
Grant-in-aid schools ..	73

Cochin.

Government schools ..	13
Grant-in-aid schools ..	12

(*b*) Travancore—7 schools in this school year.
Cochin —Nil.

(*c*) In certain cases due to very unsatisfactory working of the schools and in other cases for want of teachers with recognised qualifications.

(*d*) Travancore—Rs. 9,209—3—0 till 7th October 1950.
Cochin —Rs. 21,428.

ശ്രീ. ആർ. ശങ്കർ : ഈ സ്കൂൾകാര്യത്തിന് ആവശ്യമുള്ളത്ര നൂൽ വിതരണം ചെയ്യാൻ ഗവണ്മെണ്ടിനു സാധിക്കുന്നുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : സാധിക്കുന്നില്ല.

ശ്രീ. ആർ. ശങ്കർ : നൂൽ ഇല്ലാത്തതുകൊണ്ടാണ് പല സ്കൂളുകളും നിറുത്തിക്കളഞ്ഞതെന്നറിയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ആ കാരണത്താലാണെന്നു വിചാരിക്കുന്നതു ശരിയല്ല.

ശ്രീ. ആർ. ശങ്കർ : സാധാരണയായിട്ടു നെയ്ത്തുകാക്കു വിതരണംചെയ്യുന്നതിനേക്കാൾ കൂടുതൽ നൂൽ ഈ സ്കൂളുകൾക്കു കൊടുക്കുന്നുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിന്റെ ഒരു കണക്കു പറയണമെങ്കിൽ നോട്ടീസുവേണം.

ശ്രീ. പി. കെ. കുഞ്ഞുശാസ്ത്രി : ഒരു സ്കൂളിൽ എത്ര തറിവരെ അനുവദിക്കുമെന്നുള്ളതിനെപ്പറ്റി വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനും നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly